2. മറ്റ് ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികളിലെ ഓരോ വിഭാഗത്തിലും വേണ്ട സൗകര്യങ്ങൾ
3. സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കുവേണ്ട വിദ്യാഭ്യാസ യോഗ്യതയും പരിചയവും
4. സ്വകാര്യ ആശുപത്രികളിൽ ഈടാക്കുന്ന ഫീസ് മുതലായ കാര്യങ്ങൾ
5. രോഗികളിൽ നിന്നും ഈടാക്കുന്ന പരമാവധി വാടക, സർവ്വീസ് ചാർജ്ജ് മുതലായവ
6. ചികിത്സാ സൗകര്യം അടിസ്ഥാനമാക്കി ആശുപത്രികളുടെ തരംതിരിക്കൽ
7. ശസ്ത്രക്രിയയ്ക്കും മറ്റു ചികിത്സകൾക്കുമുള്ള പ്രോട്ടോകോൾ
8. ഇതുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങൾ.

(സി) കൗൺസിലിന്റെ രൂപീകരണത്തിനുശേഷം ഇതിനുമേൽ തീരുമാനമെടുക്കുന്നതാണ്.

(ഡി) സ്വകാര്യ ആശുപത്രികളിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും ജീവനക്കാർക്കുവേണ്ടി മിനിമം വേജസ് ആക്ട് 1945 പ്രകാരം മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്. 5-6-2000-ലെ ജി.ഒ. (ആർ.റ്റി.) 1928/2000/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം ടി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

ജീവൻരക്ഷാ മരുന്നുകളുടെ ലഭ്യത

*24 [24] *ശ്രീ. വി. ചെന്താമരാക്ഷൻ:*

„ *മഞ്ഞളാംകുഴി അലി:*

„ *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ മിക്ക ആശുപത്രികളിലും പേവിഷബാധയ്ക്കെതിരെ കുത്തിവയ്ക്കുന്ന വാക്സിൻ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ ലഭ്യമാണ്. എന്നാൽ ചില ഒറ്റപ്പെട്ട സ്ഥാപനങ്ങളിൽ ചിലതരം മരുന്നുകൾ ലഭ്യമല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പേവിഷബാധയ്ക്കെതിരായ വാക്സിൻ ചില സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ മരുന്നിന്റെ കുറവ് പരിഹരിക്കുന്നതിനായി ലോക്കൽ പർച്ചേസ് മുഖേനയോ ആശുപത്രി വികസന സമിതി ഫണ്ട് മുഖേനയോ ടി വാക്സിൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പുതിയ റേറ്റ് കോൺട്രാക്ടിൽനിന്നും ഓരോ ജില്ലയിൽനിന്നും ലഭിച്ച വാർഷിക ആവശ്യകതാ പട്ടിക അനുസരിച്ച് വാക്സിൻ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഡ്രഗ്സ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾക്ക് ഡ്രഗ്സ് ലൈസൻസ് നിർബന്ധമാക്കാൻ നടപടി

*25 [25] *ശ്രീ. തമ്പാനൂർ രവി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രഗ്സ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളിലൂടെ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കുന്ന നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഫാർമസിയോടുകൂടി പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾക്ക് ഡ്രഗ്സ് ലൈസൻസ് നിർബന്ധമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) ഇല്ല.

(ബി) സ്വകാര്യ ആശുപത്രികൾവഴി വിതരണം ചെയ്യുന്ന മരുന്നുകളുടെ സാമ്പിളുകൾ ശേഖരിച്ചു പരിശോധന നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly